DESPATCHED ON 21/5/2020

19/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332588, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.2001(4)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.13410/SIC-Gen 2/2017**

സന്നിഹിതൻ

ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. സത്യൻ നരവൂർ,
സൗപർണ്ണിക,
നരവൂർ, കൂത്തുപറമ്പ്,
കണ്ണൂർ ജില്ല. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഓഫീസ് ഓഡിറ്റർ,
സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറുടെ
കാര്യാലയം,
കൂതുപറമ്പ്, കണ്ണൂർ ജില്ല.

2. അപ്പീൽ അധികാരി &
സഹകരണ ഓഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർ,
സഹകരണ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടറുടെ
കാര്യാലയം,
കൂതുപറമ്പ്, കണ്ണൂർ ജില്ല.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 01.08.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 21.08.2017 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 29.08.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 22.09.2017 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 13.10.2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 17.10.2017 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കൂത്തുപറമ്പ് സഹകരണ അസിസ്റ്റന്റ് ഓഡിറ്റ് ഡയറക്ടറുടെ ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് 01.08.17ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്കും 29.08.17ൽ നൽകിയ ഒന്നാം അപ്പീലിനും കൃത്യമായ മറുപടി ലഭിച്ചില്ല എന്നാരോപിച്ചാണ് ടിയാൻ 13.10.17ൽ കമ്മീഷന് അപ്പീൽ നൽകിയത്.

2. ഇതുമായി ബന്ധപ്പെട്ട് 28.06.19ൽ കമ്മീഷൻ കണ്ണൂർ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി. അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചു. അതിൽ ഇപ്രകാരം പറയുന്നു.

"കേരള സഹകരണ നിയമം വകുപ്പ് 63 പ്രകാരം കൂത്തുപറമ്പ് സർക്കിളിൽപ്പെട്ട സഹകരണ സംഘങ്ങളുടെ ഓഡിറ്റ് നിർവഹിക്കുക മാത്രമാണ് ഈ ഓഫീസിന്റെ ചുമതല. സംഘത്തിന്റെ 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലെ ഓഡിറ്റിനിടെ കണ്ടെത്തിയ ഗുരുതരമായ ന്യൂനതകൾ സംബന്ധിച്ചു ഓഡിറ്റർമാർ തയ്യാറാക്കിയിട്ടുള്ള പ്രത്യേക റിപ്പോർട്ടുകൾ യഥാവിധി കണ്ണൂർ സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. ആയത് കേരള സഹകരണ ഓഡിറ്റ് മാനുവൽ പാർട്ട് IV – അധ്യായം II ൽ 4 പ്രകാരമാണ് നടത്തിയിട്ടുള്ളത്; സമർപ്പിക്കപ്പെട്ട റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട് മറ്റു നടപടിക്രമങ്ങളൊന്നും ഈ ഓഫീസുമായി ബന്ധപ്പെട്ടവയല്ലാത്തതിനാൽ, അപേക്ഷകൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഓഫീസിൽ ലഭ്യമല്ല എന്ന അറിയിപ്പോടെ അപ്പീൽ തീർപ്പാക്കുകയാണുണ്ടായത്."

3. ഒന്നാം എതിർകക്ഷി റിപ്പോർട്ടിൽ പറയുന്ന വാദമുഖങ്ങൾ കമ്മീഷൻ മുഖവിലയ്ക്കെടുക്കുകയാണ്. എന്നാൽപ്പോലും, അപേക്ഷകൻ പരാമർശിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ കണ്ണൂർ സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണെന്ന് അറിയാവുന്ന ഒന്നാം എതിർകക്ഷി, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ വിവരാവകാശ നിയമത്തിന്റെ 6(3) വകുപ്പു പ്രകാരം പ്രസ്തുത ഓഫീസിലേക്ക് കൈമാറുകയും, ടി വിവരം അപേക്ഷകനെ അറിയിക്കുകയും ചെയ്യേണ്ടതായിരുന്നു. അതെന്തുകൊണ്ട് ചെയ്തില്ല എന്നതിന് ഒന്നാം എതിർകക്ഷി മറുപടി പറയാൻ ബാധ്യസ്ഥനാണ്.

4. ആയതുകൊണ്ട് അപ്പീൽ ഹർജിക്കാരന്റെ അപേക്ഷ അടിയന്തിരമായി കണ്ണൂർ സഹകരണ ഓഡിറ്റ് ജോയിന്റ് ഡയറക്ടർക്ക് അയച്ചു കൊടുക്കുകയും, ടിയാൻ നിശ്ചിത സമയപരിധിക്കുള്ളിൽ അപേക്ഷകന് മറുപടി നൽകുകയും ചെയ്യേണ്ടതാണ്. ഒപ്പം ഇത് നേരത്തെ പറഞ്ഞ 6(3) വകുപ്പുപ്രകാരം യഥാസമയം കൈമാറാതിരുന്നതിനുള്ള വിശദീകരണം ഈ ഉത്തരവു ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷന് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 19-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.